**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1222** **02-02-2026 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (എ) | മട്ടന്നൂർ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടന്നു വരുന്ന പ്രവൃത്തിയാണ് മട്ടന്നൂർ ഡിഫറന്റ് ആർട്ട്സ് ആന്റ് കൾച്ചറൽ സെന്റർ. പ്രസ്തുത പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷത്തെ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തി 5 കോടി രൂപ അടങ്കൽ നിശ്ചയിച്ച് 1 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി സ.ഉ.(സാധാ)നം.460/2024/സാം.കാ.വ. തീയതി 21.08.2024 പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്. ആയതുപ്രകാരം പദ്ധതിക്ക് 4,71,00,000/- രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ സ്വീകരിച്ച് 06.12.2024ൽ കരാറുകാരനുമായി കരാറിലേർപ്പെടുകയും ചെയ്തു. പദ്ധതിയിലുൾപ്പെടുത്തി Land development and retaining wall, auditorium, borewell, eletrification എന്നീ ഘടകങ്ങളാണ് നടപ്പിലാക്കുന്നത്. ഇതിൽ borewell നിർമ്മാണം പൂർത്തീകരിച്ചു. Land development and retaining wall, auditorium നിർമ്മാണം എന്നിവ പുരോഗമിച്ചുവരികയാണ്. ഈ പ്രവൃത്തി 2026 ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.<br><br>സ.ഉ.(സാധാ)നം.606/2025/ സാം.കാ.വ. തീയതി 22.10.2025 ഭരണാനുമതി ഉത്തരവ് പ്രകാരം മേൽ പദ്ധതിയുടെ നിർമ്മാണത്തിനായി സ്വകാര്യ ഭൂമി നെഗോഷ്യബിൾ/ഡയറക്ട് പർച്ചേയ്സ് മുഖേന ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ 2025-26 സാമ്പത്തിക വർഷത്തെ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തി മട്ടന്നൂർ ഡിഫറന്റ് ആർട്ട്സ് ആന്റ് കൾച്ചറൽ സെന്ററിന് 1 കോടി രൂപ അടങ്കൽ നിശ്ചയിച്ച് 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇത് |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ